പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2382** | 19.03.2015-ൽ മറുപടിക്ക്

**കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് പ്രകാരമുള്ള ഗുണനിലവാരത്തിലേക്ക് ഉയർത്തൽ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജില്ലാ ആശുപത്രികളേയും ജനറൽ ആശുപത്രികളേയും കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് പ്രകാരമുള്ള ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കേന്ദ്ര സഹായം ഉൾപ്പെടെ 5 കോടി രൂപ 2014-15 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടത് നാളിതുവരെ വിയോഗിച്ചതിന്റെ വിശദാംശങ്ങൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കുമോ ? | (എ) ജില്ലാ, ജനറൽ ആശുപത്രികളുടെ നിലവാരമുയർത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, ഒറ്റത്തവണ അധിക കേന്ദ്ര സഹായവുമായി 5 കോടി രൂപ (അഞ്ചു കോടി രൂപ) ജില്ലാ ജനറൽ ആശുപത്രികളെ കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് പ്രകാരമുള്ള നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 2014-15 പ്ലാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 2087/2014/ആ.കു.വ., തീയതി 25.06.2014 പ്രകാരം, ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. അധിക കേന്ദ്രസഹായം കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ എന്ന നിബന്ധന ഭരണാനുമതിയിൽ രേഖപ്പെടുത്തിയിരുന്നതിനാൽ ടി തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ